# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **26/6/2013-ലെ മറുപടിയ്ക്ക്**

**ചോദ്യം നം : 390**

**ചുമട്ട് തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**<br>**ശ്രീ.എം.ഉമ്മർ**<br>**ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**<br>**ശ്രീ.സി.മമ്മൂട്ടി** | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഗാർഹിക കെട്ടിട നിർമ്മാണ മേഖലയിലെ കൂലി നിരക്ക് ഏകീകരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ കൂലി ഏകീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തൊഴിൽ മേഖലകളിലെ സംഘർഷങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | തൊഴിൽ മേഖലയിലെ സംഘർഷങ്ങൾ തടയുന്നതിന് തൊഴിൽ വകുപ്പും ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡും നടപടികൾ സ്വീകരിക്കുന്നുണ്ട്. ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ നിയമ പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തൊഴിൽ മേഖലയിലെ തർക്കങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സംഘർഷങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മാനേജ്മെന്റുകളെയും തൊഴിലാളി സംഘടനാ |

| | | | |
|---|---|---|---|
| | | | പ്രതിനിധികളെയും ഉൾപ്പെടുത്തി വിവിധ തൊഴിൽ മേഖലകളിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമ പദ്ധതി വ്യാപിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിൽ ബോർഡ് നേരിട്ട് ഇടപെട്ട് സംഘർഷങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | തൊഴിലാളികളുടെ കൂലി ബാങ്കു മുഖേനയാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിൽ വകുപ്പിന്റെ വെബ്-സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൂലി പരിശോധിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചുകളിൽ പണമടച്ച് രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേഖലാ ഓഫീസുകളിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി തുക ബോർഡ് തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകി വരുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലെ അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ എല്ലാം തന്നെ ബാങ്ക് മുഖേനയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ